**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 33** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിന്റെ തുടർനടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ ലഭിച്ച നിർദേശങ്ങൾ പ്രാവർത്തികമാക്കാനുള്ള എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ? | (എ) | മണ്ഡലം അടസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത് ഉൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനു ശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഇതിന്മേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ